പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1323** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ചങ്ങനാശേരി വലിയകുളത്തെ പുറമ്പോക്ക് ഭൂമി കൈയ്യേറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി മണ്ഡലത്തിലെ വാഴപ്പള്ളി പഞ്ചായത്തിലുൾപ്പെട്ട വലിയകുളം ജംഗ്ഷനിലെ 82 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ചങ്ങനാശ്ശേരി താലൂക്കിൽ വലിയകുളം ഭാഗത്ത് ചെത്തിപ്പുഴ വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 3 റീസർവ്വേ നമ്പർ 515/13 ൽ 0.0972 ഹെക്ടർ, റീസർവ്വേ നമ്പർ 262/5 ൽ 0.0292 ഹെക്ടർ എന്നിങ്ങനെ കൈയ്യേറ്റം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ചീരഞ്ചിറ റോഡിലെ അപകടകരമായ വളവ് നേരെയാക്കുന്നതിനായി പ്രസ്തുത കയ്യേറ്റഭാഗം പൊളിച്ചുനീക്കി റോഡ് വികസന പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ചെത്തിപ്പുഴ വില്ലേജ് റീസർവ്വേ ബ്ലോക്ക് 3, റീസർവ്വേ നമ്പർ 515/13 ൽ 0.0972 ഹെക്ടർ മെറ്റൽ ആന്റ് അലൈഡ് സൊസൈറ്റിക്ക് പാട്ട വ്യവസ്ഥയിൽ നൽകിയിരുന്നതാണ്. പാട്ടക്കാലാവധി കഴിഞ്ഞതിനാൽ ടി പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നിന്റെ ഭാഗമായി WP(C) 29648/2021 നമ്പർ കേസിൽ മെറ്റൽ ആന്റ് അലൈഡ് ഇൻഡസ്ട്രീസിന്റെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചുകൊണ്ടുള്ള 10.12.2021 ലെ ഭൂരേഖാ തഹസിൽദാരുടെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് വിധിയായിട്ടുള്ളതും, മേൽ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്.

റീസർവ്വേ നമ്പർ 262/5 ൽ 0.0292 ഹെക്ടർ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കൈയ്യേറ്റ കക്ഷികൾക്ക് A ഫോറം നോട്ടീസ് നൽകുകയും ആയതിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 24512/2022, WP(C) 25681/2025 നമ്പർ കേസുകൾ നിലവിലുണ്ടായിരുന്നതും, WP(C) 32329/2026 കേസ് പ്രകാരം സ്റ്റേ നിലനിൽക്കുന്നതുമാണ്.

**(സി)** പ്രസ്തുത ഭൂമി ഏറ്റെടുത്ത് റോഡ് വികസനത്തിനായി പൊതുമരാമത്ത് വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും കൈമാറുന്നതിന് ജില്ലാ ഭരണകൂടം എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

**സെക്ഷൻ ഓഫീസർ**